## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 54 — 28 - 01 - 2019-ൽ മറുപടിക്ക്.

### സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

ചോദ്യം — മറുപടി

ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി.പി. സജീന്ദ്രൻ

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സി-ഡിറ്റിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗവുമായി ബന്ധപ്പെട്ടതായതിനാൽ സർക്കാരിന്റെ ഏകോപനം മെച്ചപ്പെടുത്തുന്നതിനായി സി-ഡിറ്റിനെ ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാവകുപ്പിന്റെ ഭരണ ചുമതലയിലേക്ക് മാറ്റുകയും സർക്കാരിനകത്തും പുറമേയുമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി സി-ഡിറ്റിന്റെ ഭരണസമിതി പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി രംഗത്തും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി 2016-19 കാലഘട്ടത്തിൽ 1236 ലക്ഷം രൂപ സി-ഡിറ്റിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ചുകൊണ്ട് സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ സ്റ്റുഡിയോ ഉപകരണങ്ങളുടെ നവീകരണം, ആധുനിക മീഡിയാ അസെറ്റ് മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ, വീഡിയോ ലൈവ് സ്ട്രീമിംഗ് ഉപകരണങ്ങളും, നെറ്റ് വർക്കിംഗ് ടെസ്റ്റിംഗിനുള്ള ഉപകരണങ്ങളും വാങ്ങലും സാങ്കേതിക ജീവനക്കാരുടെ പരിശീലനം, ഡിജിറ്റൈസേഷൻ ജോലികൾക്കായി ആധുനിക സ്കാനറുകൾ സ്ഥാപിക്കൽ തുടങ്ങിയവ നിർവഹിച്ചിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സി-ഡിറ്റ് പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുകയും അതു വഴി പരാതികൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം സമയബന്ധിതമായി നൽകുന്നതിനും സാധിക്കുന്നുണ്ട്. സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടിയുള്ള ഹോളോഗ്രാം ലേബൽ നിർമ്മാണം സി-ഡിറ്റിനെ ഏല്പിക്കുകയും സി-ഡിറ്റ് അത് |

| | | | |
|---|---|---|---|
| | | | വിജയകരമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും സംസ്ഥാനത്തിനു പുറത്തുള്ള ഇന്ത്യൻ നേവിയുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകളും ഐ.ഡി. കാർഡുകളും നിർമ്മിച്ച് നൽകുന്നതിനുള്ള സൗകര്യങ്ങൾ സി-ഡിറ്റ് വികസിപ്പിച്ചിട്ടുണ്ട്.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷനു വേണ്ടി സി-ഡിറ്റ് നേരത്തേ വികസിപ്പിച്ച ഓൺലൈൻ പരീക്ഷാ സോഫ്റ്റ് വെയർ പരിഷ്കരിച്ച് കൂടുതൽ പരീക്ഷകൾക്ക് ഉപയോഗിക്കുന്നതിന് സജ്ജമാക്കുകയും ഡിസ്ക്രിപ്റ്റീവ് (എഴുത്തുപരീക്ഷയുടെ) മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയരേഖയ്ക്കനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്ചൽ റിയാലിറ്റി, സൈബർസെക്യൂരിറ്റി, ബിഗ് ഡേറ്റാ അനാലിസിസ് തുടങ്ങിയ നൂതന മേഖലകളിൽ പ്രാവീണ്യം ആർജ്ജിക്കുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഈ മേഖലകളിലെ പ്രമുഖ കമ്പനികളുമായുള്ള സാങ്കേതികവിദ്യാ സഹകരണത്തിന് സി-ഡിറ്റ് ഉദ്ദേശിക്കുന്നുണ്ട്. അടുത്ത കാലത്ത് സംസ്ഥാനം നേരിട്ട വെള്ളപ്പൊക്കത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണം ഏകോപിപ്പിച്ച് ഓൺലൈൻ സംഭാവനകൾ സ്വീകരിക്കുന്നതിന് donation.cmdrf പോർട്ടൽ സി-ഡിറ്റ് മുഖേന വികസിപ്പിച്ചിരുന്നു. ഓൺലൈനായി സംഭാവന സ്വീകരിക്കുന്ന ഈ പോർട്ടലിന്റെ സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിന് സി-ഡിറ്റും കേരള പോലീസ് വകുപ്പിന്റെ സൈബർഡോമും ചേർന്നു നടത്തിയ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയി സർക്കാർ വകുപ്പുകളുടെ സൈബർ സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന മികവിന്റെ കേന്ദ്രമായി സി-ഡിറ്റിനെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് AR/VR സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പരിശീലനവും ഉള്ളടക്ക വികസനവും നടപ്പിലാക്കുന്നതിനുള്ള പദ്ധതിയും സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിലൂടെയും മറ്റ് സർക്കാർ പോർട്ടലുകളിലൂടെയും ലഭിക്കുന്ന ഡാറ്റ അപഗ്രഥനം ചെയ്ത് നയരൂപീകരണത്തിന് |

| | | | |
|---|---|---|---|
| | | | സഹായിക്കുന്ന തരത്തിലുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനും സി-ഡിറ്റ് തയ്യാറെടുത്തുവരുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും തമ്മിലുള്ള തപാൽ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള "കേരള കമ്മ്യൂണിക്കേഷൻ സർവ്വീസ് സിസ്റ്റം" നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് സി-ഡിറ്റ് മുഖേന നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>ശാസ്ത്ര സാങ്കേതിക രംഗത്തും വിവര സാങ്കേതിക വിദ്യയിലും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ 30 വർഷത്തെ പ്രവർത്തനങ്ങൾ സ്വാംശീകരിച്ച് പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള വികസനങ്ങളിലൂടെ സി-ഡിറ്റിനെ മികവിന്റെ കേന്ദ്രമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന സി.എം.ഡി.ആർ.എഫ്, സി.എം.ഒ (പോർട്ടൽ), പ്രവാസി ചിട്ടി, കെ.എസ്.എഫ്.ഇ, കെ.എസ്.ആർ.ടി.സി (ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ), കേരള ടാക്സി ഓൺലൈൻ എന്നിവ സ്വകാര്യ കമ്പനികൾക്ക് കൈമാറിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. കെ.എസ്.ആർ.ടി.സി (ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ), കേരള ടാക്സി ഓൺലൈൻ എന്നീ പദ്ധതികൾ സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ളവയല്ല. |
| (സി) | സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന 'നാം മുന്നോട്ട്' കൈരളി ചാനലിന് നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിനു പകരം സി-ഡിറ്റിലെ തന്നെ ഉദ്യോഗസ്ഥർക്ക് ബന്ധമുള്ള കമ്പനികൾക്കും ഭരണകക്ഷിക്ക് താല്പര്യമുള്ള കമ്പനികൾക്കും സി-ഡിറ്റ് ചെയ്തുകൊണ്ടിരുന്ന പ്രവർത്തികൾ കൈമാറുന്ന തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ? | (ഡി) | സർക്കാർ അത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ